# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **6421**

03.04.2018-ലെ മറുപടി

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | മറുപടി<br>മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|
| (എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന റിയിക്കാമോ ; | (എ) ടാങ്കിന്റേയും അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണത്തിനു ശ്രീ.കെ.ബാബു എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 278 ലക്ഷം രൂപയും ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 68 ലക്ഷം രൂപയും അനുവദിച്ചിരുന്നു. തുടർന്ന് ശ്രീ. സ്വരാജ് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ അമൃത് പദ്ധതിയിൽ പ്പെടുത്തി 13LL ശേഷിയുള്ള ഒരു ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന് 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് പൂർത്തി യാക്കാനുള്ളത് ; വിശദമാക്കാമോ ; | (ബി) ഭൂതല ടാങ്കിന്റെ എസ്റ്റിമേറ്റ് പുതുക്കുന്ന നടപടികളും ഭരണാനുമതി ലഭിച്ച പ്രവൃത്തി യുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. കൂടാതെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ ടാങ്ക് നിർമ്മാണത്തിന്റെ ടെണ്ടറുകൾ ക്ഷണിച്ച് കരാറുകാരനെ തെരഞ്ഞെടുക്കുവാനുള്ള നടപടി കൾ കേരള വാട്ടർ അതോറിറ്റിയിൽ അവസാന ഘട്ടത്തിലാണ്. |
| (സി) നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാ ക്കാമോ ; | (സി) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ ടാങ്ക് നിർമ്മാണത്തിന്റെ പ്രവൃത്തികൾ മെയ് ആദ്യവാരത്തോടെ ആരംഭിക്കുവാൻ സാധിക്കു മെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) ആസ്തി വികസന പദ്ധതിയിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പ്രവൃത്തികൾക്ക് ഭരണാനു മതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാ ക്കാമോ ? | (ഡി) ലഭിച്ചിട്ടുണ്ട്. |

Reeff

**സെക്ഷൻ ഓഫീസർ**